# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.205 | 05.02.2018- ൽ മറുപടിയ്ക്ക് |
|---|---|

## ഇ-വേ ബിൽ സംവിധാനത്തിനുള്ള മേന്മകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ<br>,, സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിലവിലുള്ള സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി എന്തൊക്കെ മേന്മകളാണ് ഇ-വേ ബിൽ സംവിധാനത്തിന് ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | ജി.എസ്.ടി നിയമം നടപ്പിൽ വരുന്നതിനു മുമ്പുതന്നെ കേരളത്തിൽ സംസ്ഥാനത്തിന് പുറത്തേയ്ക്കും അകത്തേയ്ക്കും വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി നൽകുന്ന ഡിക്ലറേഷൻ സംവിധാനം നിലവിലുണ്ടായിരുന്നു. ഇതുപ്രകാരം റോഡിൽക്കൂടി കൊണ്ടുവരുന്ന ചരക്കുകൾക്ക് ഡിക്ലറേഷൻ 8F ഉം റെയിൽവേ, വിമാനത്താവളം, കപ്പൽ വഴി കൊണ്ടുവരുന്നവയ്ക്ക് 8FA യും നിലവിലുണ്ടായിരുന്നു. ഇതിൽ 8F ഡിക്ലറേഷനുകൾ ചെക്ക് പോസ്റ്റുകളിൽ സമർപ്പിച്ച് അപ്രൂവ് ചെയ്യേണ്ടിയിരുന്നു. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് KER I, KER II, KER III എന്നീ ഓൺലൈൻ ഡിക്ലറേഷനുകൾ കേരള ജി.എസ്.ടി ചട്ടപ്രകാരം നടപ്പിൽ വരുത്തി. അന്തർസംസ്ഥാന ചരക്കുനീക്കങ്ങൾക്ക് കേന്ദ്രവിജ്ഞാപനം ഇല്ലാത്തതിനാൽ കേരള ചട്ടപ്രകാരം നടപ്പിലാക്കിയ ഓൺലൈൻ ഡിക്ലറേഷനുകൾ കോടതി റദ്ദ് ചെയ്യുന്ന സാഹചര്യമുണ്ടായി. എന്നാൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ടുള്ള കേന്ദ്രവിജ്ഞാപനം 74/2017 ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾത്തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് |

| | | | |
|---|---|---|---|
| | | | എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. ചരക്കുനീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. ഇത് ചരക്കുനീക്കം സുഗമമാക്കുകയും നികുതിവെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും. സംസ്ഥാനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് 'വാറ്റി'ലുപയോഗിച്ചിരുന്ന ട്രാൻസിറ്റ് പാസും ഇ-വേ ബിൽ നടപ്പിലാവുന്നതിനെത്തുടർന്ന് ആവശ്യമില്ലാതാവും.<br>ചരക്കുവാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്കായി നിർത്തിയിടുന്നതുമൂലമുള്ള കാലതാമസം ഒഴിവാക്കാനാകും. ചെക്ക് പോസ്റ്റുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇല്ലാതാകും. ഇ-വേ ബിൽ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചരക്കുനീക്കത്തെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാവുകയും പരിശോധന വളരെ എളുപ്പമാവുകയും ചെയ്യും. |
| (ബി) | ചരക്ക് വിൽക്കുന്നയാൾ ഇ-വേ ബിൽ എടുക്കുന്നില്ലെങ്കിൽ,<br>വാങ്ങുന്നയാളിനോ, ചരക്ക് നീക്കം നടത്തുന്നയാളിനോ ഇ-വേ ബിൽ എടുക്കുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സാധിക്കും. ഇ-വേ ബിൽ സമ്പ്രദായത്തിൽ ചരക്ക് വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ ചരക്കു നീക്കം നടത്തുന്നയാളിനോ ഇ-വേ ബിൽ എടുക്കാവുന്നതാണ്. |
| (സി) | ചരക്ക് സ്വീകരിക്കുന്ന ആളുടെ പേരിൽ തെറ്റായ വിവരങ്ങൾ അടങ്ങിയ ഇ-വേ ബിൽ നൽകിയാൽ അത് തിരസ്കരിക്കുന്നതിന് സംവിധാനമുണ്ടോ<br>എന്നറിയിക്കാമോ? | (സി) | സംവിധാനമുണ്ട്. ചരക്ക് സ്വീകരിക്കുന്നയാളിന്, തെറ്റായ വിവരങ്ങൾ അടങ്ങിയതോ തന്റേതല്ലാത്തതോ ആയ ഇ-വേ ബില്ലുകൾ, അവ എടുത്ത് 72 മണിക്കൂറിനകം തിരസ്കരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**